പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3449* *20.06.2018 ലെ മറുപടിക്ക്*

## പ്രവാസികളുടെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ശശി | പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| (എ) സംസ്ഥാനത്തെ പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തിവരുന്നു; വിശദാംശം ലഭ്യമാക്കമോ; | (എ) പ്രവാസി മലയാളികളുടെ ക്ഷേമം, പുനരധിവാസം, ശാക്തീകരണം എന്നിവയ്ക്കായി നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം<br>• വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം<br>• മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട് മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം<br>• ലോക കേരള സഭ<br>• ആഗോള സാംസ്കാരികോത്സവം<br>• തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി<br>• നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ<br>• സ്വപ്ന സാഫല്യം<br>• കാൾ സെന്റർ<br>• സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ<br>• ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേയ്സ് രൂപീകരണവും<br>• എൻ. ആർ. കെ. ഐ. ഡി കാർഡ് |

- എൻ. ആർ. കെ ഇൻഷ്വറൻസ് കാർഡ്
- റിക്രൂട്ട്മെന്റ്
- സാന്ത്വന പദ്ധതി
- കാരുണ്യം

കൂടാതെ കുടുംബ പെൻഷൻ, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവാനുകൂല്യം തുടങ്ങിയ പദ്ധതികളും പദ്ധതി ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികളും നടപ്പാക്കി വരുന്നു. ഗുരുതരമായ അസുഖങ്ങൾ പിടിപെട്ട് നാട്ടിലെത്തുന്ന പ്രവാസികളെ വിവിധ എയർപോർട്ടുകളിൽ നിന്നും വീട്ടിലേക്കോ/ആശുപത്രികളിലേക്കോ സൗജന്യമായി എത്തിക്കുന്നതിനാവശ്യമായ ആംബുലൻസ് സേവനവും നൽകി വരുന്നു.

(ബി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇവർക്കായി സംസ്ഥാന സർക്കാർ നീക്കി വച്ച തുക എത്ര; ഇതിൽ എത്ര തുക ചിലവഴിച്ചു; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) പ്രവാസികളുടെ ക്ഷേമത്തിനായി കേന്ദ്രം ഗ്രാന്റുകൾ നൽകാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾക്ക് പുറമെ പുതുതായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) നോർക്കാ വകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നുംതന്നെ ഇല്ല. നിലവിൽ പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളെല്ലാം തന്നെ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് ആകെയുള്ള പ്രവാസികളുടെ എണ്ണം എത്ര ;

(ഡി) 2016 ലെ കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം കേരളത്തിൽനിന്ന് വിദേശത്തേക്ക് പോയവരുടെ എണ്ണം 22.71 ലക്ഷം ആയി കണക്കാക്കപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| (ഇ) | വിവാഹം രജിസ്റ്റർ ചെയ്യില്ലെങ്കിൽ പ്രവാസികളുടെ പാസ്പോർട്ട് റദ്ദാക്കണമെന്ന കേന്ദ്രസർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇതിൻമേലുള്ള സർക്കാർ നയം എന്തെന്ന് വ്യക്തമാക്കുമോ? | (ഇ) ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

| സാമ്പത്തിക വർഷം | പ്ലാൻ | | നോൺ പ്ലാൻ | |
|---|---|---|---|---|
| | ബഡ്ജറ്റിൽ അനുവദിച്ച തുക | ചെലവഴിച്ച തുക | ബഡ്ജറ്റിൽ അനുവദിച്ച തുക | ചെലവഴിച്ച തുക |
| 2016-2017 | **28,00,00,000** | **25,19,84,528** | **11,30,000 +<br>Additional authorisation വഴി അനുവദിച്ചത്.** | **18,49,524** |
| 2017-2018 | **60,86,48,000**<br>(ബഡ്ജറ്റിൽ അനുവദിച്ചതും അധികമായി അനുവദിച്ചതുമുൾപ്പെടെ) | **36,68,62,578** | **1,82,79,000**<br>(ബഡ്ജറ്റിൽ അനുവദിച്ചതും അധികമായി അനുവദിച്ചതുമുൾപ്പെടെ) | **1,62,62,554** |

സെക്ഷൻ ഓഫീസർ